# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**


---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 05-11-2012

## ഹയർസെക്കന്ററി അധ്യാപക സ്ഥലംമാറ്റം -
## മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നത് അഴിമതിക്കുവേ

**- കെ എസ് ടി എ**

**ഹയർസെക്കന്ററി അധ്യാപകരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളിൽ ധൃതിപിടിച്ച് മാറ്റംവരുത്തുന്നത് അഴിമതി നടത്താൻ വേയാണെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആരോപിച്ചു. 2009 ൽ അംഗീകരിച്ച മാനദണ്ഡങ്ങൾ അനുസരിച്ചുള്ള സ്ഥലംമാറ്റം നിർത്തിവച്ചിരിക്കുകയാണ്. കഴിഞ്ഞ മെയ്മാസം നടത്തേ ഓൺലൈൻ സ്ഥലംമാറ്റത്തിന് അപേക്ഷപോലും ഇതുവരെ വിളിച്ചിട്ടില്ല. നാന്നൂറിലധികം സ്പെഷ്യൽ ഓർഡറുകളിലൂടെ സൗകര്യപ്രദമായ ഒഴിവുകളിൽ സ്ഥലംമാറ്റം നടന്നു കഴിഞ്ഞു. ഇതിൽ അഴിമതി നടന്നിട്ട്. വടക്കൻ ജില്ലകളിൽ ജോലിചെയ്യുന്ന സീനിയറായ അധ്യാപകരുടെ സ്ഥലംമാറ്റത്തിനുള്ള അർഹത ഇതിലൂടെ നിഷേധിച്ചിരിക്കുകയാണ്. നിലവിലുായിരുന്ന ഒഴിവുകൾ ഇല്ലാതായപ്പോഴാണ് മാനദണ്ഡം പുതുക്കാനുള്ള നിർദ്ദേശവുമായി സർക്കാർ മുന്നോട്ടുവന്നിരിക്കുന്നത്. തങ്ങൾക്കിഷ്ടമുള്ളവർക്ക് സൗകര്യപ്രദമായി സ്ഥലംമാറ്റം നൽകാനാണ് 8 വർഷത്തിലധികം സർവ്വീസുള്ളവരെപോലും നിർബന്ധിതമായി സ്ഥലംമാറ്റാനുള്ള നീക്കം നടക്കുന്നത്. അധ്യാപകരെ നിർബന്ധപൂർവ്വം മാറ്റാൻ യാതൊരു കാരണവശാലും അനുവധിക്കില്ല. സ്ഥലംമാറ്റത്തിന്റെ പേരിൽ അഴിമതി നടത്താനുള്ള നീക്കത്തിൽ നിന്നും പിന്മാറിയില്ലെങ്കിൽ ശക്തമായ പ്രക്ഷോഭത്തെ നേരിടേിവരുമെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ മുന്നറിയിപ്പ് നൽകി.**

**എം. ഷാജഹാൻ**
ജനറൽ സെക്രട്ടറി